"***ഭരണഭാഷ മാതൃഭാഷ***"

**നം. ആഡിറ്റ് യു.1/106600/2012/കോ.വി.വ.**

**കോളേജ് വിദ്യാഭ്യാസ**
**ഡയറക്ടറുടെ കാര്യാലയം**
**തിരുവനന്തപുരം,**
**തീയതി: 08 /01/2013**

## സർക്കുലർ

താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഈ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

**എയ്ഡഡ് കോളേജുകളിൽ നടത്തുന്ന വകുപ്പുതല ആഡിറ്റിംഗ്**

എയ്ഡഡ് കോളേജുകളിൽ നടത്തുന്ന വകുപ്പുതല ആഡിറ്റിംഗിൽ വളരെയധികം കുടിശ്ശികയുണ്ടെന്നും മുൻ റിപ്പോർട്ടുകളിൽ വളരെ ഖണ്ഡികകൾ തീർപ്പാകാതെ കിടപ്പുണ്ടെന്നും ആയതു പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കേണ്ടതാണെന്നും അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാക്കുറിപ്പിൽ ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ, എയ്ഡഡ് കോളേജുകളുടെ ആഡിറ്റിംഗുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർക്കശമായി പാലിക്കേണ്ടതാണ്.

1. ഇനി മുതൽ ഒരു സ്ഥാപനത്തിൽ ആഡിറ്റ് നടത്തുമ്പോൾ ആഡിറ്റ് ആരംഭിക്കുന്ന മാസത്തിനു തൊട്ടുമുൻപുള്ള മാസം വരെ പരിശോധന നടത്തേണ്ടതാണ്.
2. യു.ജി.സി ഫണ്ട് വിനിയോഗം സംബന്ധിച്ച് യു.ജി.സി നിഷ്കർഷിക്കുന്ന പ്രകാരം ആഡിറ്റ് നടത്തിയാൽ മതിയെന്ന് 26/7/2002 -ലെ എം.എസ് 94/02/ഉ.വി.വ നമ്പർ കത്തു പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ, ടി ഫണ്ടിന്റെ വരവും അക്കൗണ്ടിംഗും മാത്രം പരിശോധിച്ചാൽ മതിയാകും.
3. ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന തടസ്സവാദങ്ങൾ നിലവിലുള്ള നിയമങ്ങൾ പ്രകാരം നിലനിൽക്കുന്നതാണെന്ന് ഉറപ്പുവരുത്തുക.

4. പരമാവധി അപാകതകൾ, ആഡിറ്റ് നടത്തുന്ന സമയത്തുതന്നെ രേഖാമൂലം ആഡിറ്റ് നിർദ്ദേശം നൽകി മറുപടി വാങ്ങി പരിഹരിക്കുന്നതിനു ശ്രമിക്കുക. ഇപ്രകാരം ലഭിക്കുന്ന മറുപടി ഫയലിൽ സൂക്ഷിക്കേണ്ടതും മറുപടി തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ടിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. ഇപ്രകാരം, അന്തിമറിപ്പോർട്ട്, പരമാവധി ചെറുതാക്കാൻ ശ്രമിക്കുക.
5. ഇനി മുതൽ, ആഡിറ്റ് റിപ്പോർട്ട് കോളേജുകളിലേയ്ക്കയയ്ക്കുമ്പോൾ, അതിന്റെ ഒരുപകർപ്പ്, ഈ ഫയൽ നമ്പർ രേഖപ്പെടുത്തി ആഡിറ്റ് അക്കൗണ്ട്സ് ഓഫീസർ (കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് – അനക്സ്) പേർക്ക് അയച്ചുതരേണ്ടതാണ്.
6. ആഡിറ്റ് റിപ്പോർട്ടുകൾ മലയാളത്തിൽ മാത്രം തയ്യാറാക്കുക.
7. തീർപ്പാകാതെ കിടക്കുന്ന മുൻ റിപ്പോർട്ടുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് ആഡിറ്റ് അദാലത്തുകൾ സംഘടിപ്പിക്കുക.

**ഒപ്പ്**
**എഫ്.മുഹമ്മദ് റാഫി**
**സീനിയർ ഫിനാൻസ് ഓഫീസർ**
**കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്**